# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2026 സെപ്റ്റംബർ 02** **website: www.uoc.ac.in**

---

**സർവകലാശാലയിൽ**
**ദേശീയ കായികദിനാഘോഷ റാലി**

ദേശീയ കായികദിനാഘോഷത്തിന്റെ ഭാഗമായി 'സ്പോർട്സിലൂടെ ആരോഗ്യം' എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ ഫിസിക്കൽ എജ്യുക്കേഷൻ റാലി സംഘടിപ്പിച്ചു. റാലി വൈസ് ചാൻസിലർ ഡോ. പി. രവീന്ദ്രൻ ഫ്ലാഗ് ഓഫ് ചെയ്തു. തിരക്കുപിടിച്ച ആധുനിക ജീവിതത്തിൽ ശാരീരികവും മാനസികവുമായ ആരോഗ്യം വീണ്ടെടുക്കുന്നതിനായി പ്രതിദിനം 'ഒരു മണിക്കൂർ കളിക്കളത്തിൽ' ചിലവഴിക്കണമെന്ന സന്ദേശമാണ് റാലി മുന്നോട്ടുവെച്ചത്.

***ഫോട്ടോ :*** *ദേശീയ കായികദിനാഘോഷത്തിന്റെ ഭാഗമായി കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ ഫിസിക്കൽ എജ്യുക്കേഷൻ സംഘടിപ്പിച്ച റാലി വൈസ് ചാൻസിലർ ഡോ. പി. രവീന്ദ്രൻ ഫ്ലാഗ് ഓഫ് ചെയ്യുന്നു.*

***പി.ആർ. 1238/2026***

**സംസ്കൃതദിനാഘോഷം**

കാലിക്കറ്റ് സർവകലാശാലാ സംസ്കൃത പഠനവകുപ്പിൽ സംസ്കൃതദിനാഘോഷം സംഘടിപ്പിച്ചു. പ്രോ വൈസ് ചാൻസിലർ ഡോ. പി. റഷീദ് അഹമ്മദ് ഉദ്ഘാടനം ചെയ്തു. വകുപ്പ് മേധാവി ഡോ. എൻ.എ. ഷിഹാബ് അധ്യക്ഷനായി. ഡോ. കെ.കെ. ഗീതാകുമാരി, ഡോ. അബ്ദുൽ മജീദ്, ഡോ. രഞ്ജിത്ത് രാജൻ തുടങ്ങിയവർ സംസാരിച്ചു. ഡോ. നാരായണൻ നമ്പൂതിരി, ഡോ. ഇ.എം. ദേവൻ, ഡോ. പ്രദീപ് വർമ്മ, ഡോ. സി.കെ. ജയന്തി, ഡോ. പി.എ. അനുപ്രിയ, ഡോ. എം.വി. സുധീഷ്, ആതിര, അബൂബക്കർ സിദ്ധിഖ്, സൗമ്യ, പവിത്ര, കോകിലപ്രിയ, സൂര്യ ഗായത്രി എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.

***ഫോട്ടോ :*** *കാലിക്കറ്റ് സർവകലാശാലാ സംസ്കൃത പഠനവകുപ്പ് സംഘടിപ്പിച്ച സംസ്കൃത ദിനാഘോഷം പ്രോ വൈസ് ചാൻസിലർ ഡോ. പി. റഷീദ് അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു*

***പി.ആർ. 1239/2026***

**മഞ്ചേരി ടീച്ചർ എജ്യുക്കേഷൻ സെന്ററിൽ**
**അധ്യാപക നിയമനം**

മഞ്ചേരിയിലുള്ള കാലിക്കറ്റ് സർവകലാശാലാ ടീച്ചർ എജ്യുക്കേഷൻ സെന്ററിൽ മണിക്കൂർ വേതനടിസ്ഥാനത്തിലുള്ള മലയാളം അധ്യാപക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : ബന്ധപ്പെട്ട വിഷയത്തിൽ 55 ശതമാനം മാർക്കിൽ കുറയാത്ത ബിരുദാനന്തര ബിരു

ദം, എം.എഡ്., നെറ്റ്. നെറ്റ് യോഗ്യത ഇല്ലാത്തവരുടെ അഭാവത്തിൽ മറ്റുള്ളവരെ പരിഗണിക്കും. എസ്.സി. / എസ്.ടി. / ഒ.ബി.സി. വിഭാഗക്കാർക്ക് സർവകലാശാലാ / സർക്കാർ ചട്ട പ്രകാരമുള്ള മാർക്കിളവ് ലഭിക്കും. വയസ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സെപ്റ്റംബർ 14-ന് വൈകീട്ട് 04.00 മണിക്ക് മുൻപായി നേരിട്ടോ തപാൽ വഴിയോ സെന്ററിൽ ലഭ്യമാക്കണം. ഫോൺ : 9447120120.

***പി.ആർ. 1240/2026***

**കുറ്റിപ്പുറം സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ**
**എം.ബി.എ. സീറ്റൊഴിവ്**

കുറ്റിപ്പുറത്തുള്ള കാലിക്കറ്റ് സർവകലാശാലാ സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ (എസ്.എം.എസ്.) 2026 - 27 അധ്യയന വർഷത്തെ എം.ബി.എ. പ്രോഗ്രാമിന് ജനറൽ / സംവരണ സീറ്റൊഴിവുണ്ട്. ഡിഗ്രി തലത്തിൽ 50 ശതമാനം മാർക്ക് ( സംവരണ വിഭാഗക്കാർക് മാർക്കിളവ് ലഭിക്കും ) നേടിയവർക്ക് സെപ്റ്റംബർ 14 വരെ സർവകലാശാലാ വെബ്സൈറ്റ് വഴി അപേക്ഷിക്കാം. താത്പര്യമുള്ളവർ അപേക്ഷയുടെ പകർപ്പ്, യോഗ്യതാ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം സെപ്റ്റംബർ 14-ന് വൈകീട്ട് 05.00 മണിക്ക് മുൻപായി കുറ്റിപ്പുറം എസ്.എം.എസ്സിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0494 2607224, 8547537224.

***പി.ആർ. 1241/2026***

**വടകര സെന്ററിൽ**
**വിവിധ പ്രോഗ്രാമുകൾക്ക് സീറ്റൊഴിവ്**

വടകരയിലുള്ള കാലിക്കറ്റ് സർവകലാശാലാ സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിൽ ( സി.സി.എസ്.ഐ.ടി. ) എം.സി.എ., ബി.സി.എ., ബി.എസ് സി. ( എ.ഐ. ) പ്രോഗ്രാമുകൾക്ക് സീറ്റൊഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്നവർ സെപ്റ്റംബർ 09-ന് മുൻപായി സെന്ററിൽ ഹാജരാകണം. എസ്.സി., എസ്.ടി. വിഭാഗക്കാർക്ക് ഫീസിളവ് ലഭിക്കും. വിശദ വിവരങ്ങൾക്ക് ഫോൺ : 9846564142, 9446993188.

***പി.ആർ. 1242/2026***

**പരീക്ഷാഅപേക്ഷ**

ലോ കോളേജുകളിലെ നാലാം സെമസ്റ്റർ - എൽ.എൽ.എം. ( 2022 പ്രവേശനം മുതൽ ), എൽ.എൽ.എം. ക്രിമിനൽ ലോ ആന്റ് കോൺസ്റ്റിട്യൂഷ്യണൽ ലോ ഡബിൾ സ്പെഷ്യലൈസേഷൻ ( 2024 പ്രവേശനം ) ഡിസംബർ 2026 റഗുലർ / സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ സെപ്റ്റംബർ 23 വരെയും 210 രൂപ പിഴയോടെ 28 വരെയും അപേക്ഷിക്കാം. ലിങ്ക് സെപ്റ്റംബർ 07 മുതൽ ലഭ്യമാകും.

***പി.ആർ. 1243/2026***

**പരീക്ഷാഫലം**

രണ്ടാം സെമസ്റ്റർ എം.എ. ഫിനാൻഷ്യൽ ഇക്കണോമിക്സ് ( സി.സി.എസ്.എസ്. ) ( 2023 പ്രവേശനം ), നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് ( 2022 പ്രവേശനം ) ഏപ്രിൽ 2026 സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 1244/2026***